**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4680** **26/06/2019- ൽ മറുപടിയ്ക്ക്**

## കാർഷികവിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

സംസ്ഥാനത്തെ കർഷകർക്ക്, തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി, ന്യായവില ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഉത്തരം**

**ശ്രീ. വി.എസ്.സുനിൽ കുമാർ**

**(കൃഷി വകുപ്പ് മന്ത്രി)**

സംസ്ഥാനത്തെ കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിന് വിവിധ തരത്തിലുള്ള വിപണി ഇടപെടലുകൾ കൃഷി വകുപ്പും, വി.എഫ്.പി.സി.കെ, ഹോർട്ടി കോർപ്പ് തുടങ്ങിയ ഏജൻസികൾ മുഖേനയും നടത്തി വരുന്നുണ്ട്.

പഴം - പച്ചക്കറികളുടെ വിപണനത്തിന് വിവിധ പദ്ധതികളിലായി 240 പച്ചക്കറി ക്ലസ്റ്റർ മാർക്കറ്റുകൾ, 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ വിപണികൾ, 400 ആഴ്ച്ചചന്തകൾ, 454 എണ്ണം എക്കോഷോപ്പുകൾ എന്നിവ പ്രവർത്തിച്ച് വരുന്നുണ്ട്. ഇത് കൂടാതെ ഓണം, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നീ ഏജൻസികളുടെ സഹായത്തോടുകൂടി പ്രത്യേകമായി ഉത്സവകാല വിപണികൾ നടത്തി വരുന്നുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണ ത്തിലുള്ള 6 കാർഷിക മൊത്തവ്യാപാര വിപണികളും, 5 ജില്ലകളിൽ കാർഷിക സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ച് വരുന്നുണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 287 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ച് വരുന്നത്. കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ, സംഭരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ-യുടെ സ്വാശ്രയ കർഷക സമിതികൾ എന്നിവ യിലൂടെ ഉത്പന്നങ്ങളുടെ ലേലം വഴിയാണ് വിപണനം നടത്തി വരുന്നത്. അധികമുള്ള കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി കർഷകമിത്രകൾ, പൊതുമാധ്യമങ്ങൾ ഉൾപ്പെടെ യുള്ളവയുടെ സഹായത്തോടെ വിപണിയിൽ ഇടപെടുന്നതാണ്.

Sreelatha

**സെക്ഷൻ ഓഫീസർ**